# ബേസ്ബോൾ ചാംപ്യൻഷിപ് നാളെ

കൊല്ലം ● ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ് നാളെ രാവിലെ 8 മുതൽ പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടക്കും. ഓൺലൈനായി റജിസ്റ്റർ ചെയ്യണം. വെബ്സൈറ്റ്: www.baseballkerala. 9544667505.

# ജില്ലാ ജൂനിയർ ബേസ്ബോൾ വിജയികൾ

**കൊല്ലം ▸** ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് പോരുവഴി പഞ്ചായത്ത് മൈതാനത്ത് ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം എസ്.ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ആൺകുട്ടികളുടെ വിഭാഗത്തിൽ നവോദയം നീരാവിലും പെൺകുട്ടികളുടെ വിഭാഗത്തിൽ കുളക്കട ഡൈനാമിക്കും ഒന്നാംസ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ ബോയ്സ് കരുനാഗപ്പള്ളിക്കും പെൺകുട്ടികളുടെ വിഭാഗത്തിൽ ഹാക്കേഴ്സ് ക്ലബ്ബിനുമാണ് രണ്ടാം സ്ഥാനം. ജെ.എം.എച്ച്.എസ്. ശാസ്താംകോട്ട സ്കൂളും റെഡ് സ്റ്റാർ ക്ലബ് കുണ്ടറയും മൂന്നാമതെത്തി.

# ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം ▸** ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ഞായറാഴ്ച രാവിലെ എട്ടിന് പോരുവഴി പഞ്ചായത്ത് മൈതാനത്ത് നടത്തും. www.baseballkerala എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കണം. വിവരങ്ങൾക്ക്: 95446 67505.

KLM ദേശാഭിമാനി

## ജില്ലാ ജൂനിയർ ബേസ് ബോൾ

# നവോദയയും ഡൈനാമിക്കും വിജയികൾ

**കൊല്ലം**

പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടന്ന ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗം നവോദയം നീരാവിലും പെൺകുട്ടികളിൽ കുളക്കട ഡൈനാമിക്കും ജേതാക്കളായി. ആൺകുട്ടികളിൽ ബോയ്സ് കരുനാഗപ്പള്ളി രണ്ടാം സ്ഥാനവും പെൺകുട്ടികളിൽ ഹാക്കേഴ്സ് ക്ലബ് രണ്ടാം സ്ഥാനവും നേടി. ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം എസ് ഗോപകുമാർ ഉദ്ഘാടനംചെയ്തു. സമാപന സമ്മേളനത്തിൽ ജില്ലാ അസോസിയേഷൻ പ്രസിഡന്റ് വി എം പ്രേം നവാസ് വിജയികൾക്ക് ട്രോഫി കൈമാറി. അസോസിയേഷൻ ജില്ലാ സെക്രട്ടറി ബി നൗഫിൻ, സ്പോർട്സ് കൗൺസിൽ അംഗം സാബുജാൻ, ഷിബു ബേബി, അനൂപ്, ഹരികൃഷ്ണൻ, രാഹുൽ ജിത് എന്നിവർ സംസാരിച്ചു.